# മഹാത്മാഗാന്ധി സർവ്വകലാശാല

## (സംഗ്രഹം)

സ്കൂൾ ഓഫ് ഇൻഡ്യൻ ലീഗൽ തോട്ട്-ത്രിവത്സര എൽ.എൽ.ബി- ഇംപ്രൂവ്മെന്റ് മാർക്ക് ക്ലാസ് നിർണ്ണയത്തിന് പരിഗണിക്കുവാൻ കഴിയുന്ന വിധത്തിൽ റെഗുലേഷൻ ഭേദഗതി ചെയ്യാൻ തീരുമാനിച്ചു കൊണ്ടുള്ള അക്കാദമിക് കൗൺസിൽ യോഗ തീരുമാനം- ഉത്തരവായി പുറപ്പെടുവിക്കുന്നു.

---

### അക്കാദമിക് എ5 സെക്ഷൻ

സ.ഉ.നം.5724 /എ5/3/ എൽ.എൽ.ബി. ഇംപ്രൂവ്മെന്റ്/2016/അക്കാദമിക് പി.ഡി.ഹിൽസ്, തീയതി:23.09.2017

---

സൂചന:- 1) 30.12.2016 തീയതിയിൽ ശ്രീ.ചാക്കോ തോമസ് സമർപ്പിച്ച അപേക്ഷ.

2) 09.03.2017 തീയതിയിൽ ബോർഡ് ഓഫ് ചെയർമാൻ (നിയമം) നൽകിയ വിദഗ്ധാഭിപ്രായം.

3) 14.08.2017-ൽ കൂടിയ പ്രത്യേക അക്കാദമിക് കൗൺസിൽ യോഗത്തിന്റെ മിനിറ്റ്സ് ഇനം.നമ്പർ.56/Ac.17/17240

സ്കൂൾ ഓഫ് ഇൻഡ്യൻ ലീഗൽ തോട്ടിലെ ത്രിവത്സര എൽ.എൽ.ബി കോഴ്സ് 2000-2003 വിദ്യാർത്ഥിയായിരുന്ന ചാക്കോ തോമസ് സൂചന (1) പ്രകാരം സമർപ്പിച്ച അപേക്ഷയിൽ 3-ാം സെമസ്റ്ററിൽ paper VI - Land Laws പരീക്ഷ വീണ്ടും എഴുതി കൂടുതൽ മാർക്ക് ലഭിച്ചതു ഇംപ്രൂവ്മെന്റ് ആയി കണക്കിലെടുത്ത് ക്ലാസ് നിർണ്ണയത്തിന് പരിഗണിക്കണമെന്ന് ആവശ്യപ്പെട്ട് അപേക്ഷ സമർപ്പിച്ചിരുന്നു. എന്നാൽ ത്രിവത്സര LLB കോഴ്സ് 1998-99 മുതൽ പ്രാബല്യത്തിലിരിക്കുന്ന റഗുലേഷൻസിൽ ഇംപ്രൂവ്മെന്റ് സംബന്ധിച്ച് വ്യക്തത ഇല്ലാത്തതിനാൽ വൈസ് ചാൻസലറുടെ ഉത്തരവ് പ്രകാരം ബോർഡ് ഓഫ് സ്റ്റഡീസ് ചെയർമാന്റെ (നിയമം) വിദഗ്ധാഭിപ്രായം തേടിയിരുന്നു. സൂചന (2) പ്രകാരം ബോർഡ് ഓഫ് സ്റ്റഡീസ് ചെയർമാൻ നൽകിയ മറുപടിയിൽ To the best advantage of the student എന്ന കാര്യം പരിഗണിച്ച് ഇംപ്രൂവ്മെന്റ് മാർക്ക് ക്ലാസ് നിർണ്ണയത്തിന് പരിഗണിക്കുവാൻ കഴിയുമെന്ന് അഭിപ്രായപ്പെട്ടു. ഈ അഭിപ്രായം വൈസ് ചാൻസലറുടെ ഉത്തരവ് പ്രകാരം അക്കാദമിക് കൗൺസിലിന്റെ പരിഗണനയ്ക്ക് സമർപ്പിച്ചു.

14.08.2017-ൽ കൂടിയ പ്രത്യേക അക്കാദമിക് കൗൺസിലിന്റെ യോഗം സൂചന (3) മിനിറ്റ്സ് പ്രകാരം To the best advantage of the student എന്ന കാര്യം പരിഗണിച്ച് ഇംപ്രൂവ്മെന്റ് മാർക്ക് ക്ലാസ് നിർണ്ണയത്തിന് പരിഗണിക്കുവാൻ കഴിയുന്ന വിധത്തിൽ റെഗുലേഷൻ ഭേദഗതി. ചെയ്യാൻ തീരുമാനിച്ചു. 31.08.2017-ൽ കൂടിയ സിൻഡിക്കേറ്റ് യോഗത്തിൽ ഈ വിഷയം സമർപ്പിച്ചിരുന്നു.

തദനുസരണം ഉത്തരവാകുന്നു.

ഒപ്പ്
അംബിക ആർ
അസിസ്റ്റന്റ് രജിസ്ട്രാർ III (അക്കാദമിക്)
രജിസ്ട്രാർക്കുവേണ്ടി

**പകർപ്പ്**

1. ഡയറക്ടർ, സ്കൂൾ ഓഫ് ഇൻഡ്യൻ ലീഗൽ തോട്ട്
2. ചെയർമാൻ,ബോർഡ് ഓഫ് സ്റ്റഡീസ്. (നിയമം)
3. വൈസ് ചാൻസിലർ/പ്രോവൈസ് ചാൻസലറുടെ പ്രൈവറ്റ് സെക്രട്ടറിമാർ
4. രജിസ്ട്രാർ/പരീക്ഷാ കൺട്രോളർ എന്നിവരുടെ പി.എ.
5. എ.ആർ III /ഡി.ആർ II/ജെ.ആർ (അക്കാദമിക്)
6. എ.ആർ.22
7. എ.സി.സി./എസി.എൽ /ഇ.ഐ.29
8. കണ്ടന്റ് മാനേജ്മെന്റ്/ഐ.ക്യൂ.എ.സി.
9. കരുതൽ ഫയൽ/ഫയൽ പകർപ്പ്

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ